## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3150 — 07.11.2019-ൽ മറുപടിയ്ക്ക്

## റവന്യൂ വകുപ്പിൽ ആഭ്യന്തര പരിശോധന (വിജിലൻസ്) വിഭാഗം

ചോദ്യം :

ശ്രീ.കെ.സി.ജോസഫ്

മറുപടി :

ശ്രീ. ഇ. ചന്ദ്രശേഖരൻ
റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | റവന്യൂ വകുപ്പിന്റെ കീഴിൽ ആഭ്യന്തര പരിശോധന (വിജിലൻസ്) വിഭാഗം പ്രവർത്തിക്കുന്നുണ്ടോ; അതിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) | റവന്യൂ വകുപ്പിന്റെ കീഴിൽ ജില്ലാ കളക്ടറേറ്റുകളിലും മൂന്ന മേഖലകളിലുമായി (ഉത്തര മേഖല വിജിലൻസ് ഡെപ്യൂട്ടി കളക്ടർ, മദ്ധ്യമേഖല വിജിലൻസ് ഡെപ്യൂട്ടി കളക്ടർ, ദക്ഷിണ മേഖല വിജിലൻസ് ഡെപ്യൂട്ടി കളക്ടർ) ആഭ്യന്തര വിജിലൻസ് പരിശോധനാ വിഭാഗം പ്രവർത്തിച്ചു വരുന്നു. ജില്ലാ കളക്ടേറ്റിലെ പരിശോധനാ വിഭാഗത്തിന്റെ പ്രവർത്തനം അതാത് ജില്ലാ കളക്ടർമാരും, മേഖലാ വിജിലൻസ് പരിശോധനാ വിഭാഗത്തിന്റെ പ്രവർത്തനം ലാൻഡ് റവന്യൂ കമ്മീഷണറും വിലയിരുത്തി വരുന്നു. |
| (ബി) | 2017,2018 എന്നീ വർഷങ്ങളിൽ ഈ വിഭാഗം എത്ര പരിശോധനകളാണ് നടത്തിയിട്ടുള്ളത് എന്ന് അറിയിക്കുമോ; | (ബി) | <u>ജില്ലാതല പരിശോധന വിഭാഗം</u><br>2017 - 865<br>2018 - 758<br><u>ഡെപ്യൂട്ടി കളക്ടർ വിജിലൻസ് വിഭാഗം നടത്തിയ പരിശോധന</u><br>2017 - 332<br>2018 - 467 |
| (സി) | പ്രസ്തുത വിഭാഗത്തിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ടി വിഭാഗത്തിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ജില്ലാതലത്തിലും ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലും അവലോകനയോഗം നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ